كنيسة سنت جريجوريوس الهند أورتودوكس
**ST. GREGORIOS INDIAN ORTHODOX CHURCH**
**Post Box No. 3156, Fujairah, UAE. Tel: 2225300**

# ഫാ.ലിജോ ജോസഫിന് ഫുജൈറ ഇടവക വികാരനിർഭരമായ യാത്രയയപ്പ് നൽകി

ഫുജൈറ: ഏപ്രിൽ 16

സെൻറ്.ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ കഴിഞ്ഞ നാലു വർഷക്കാലം ഇടവക വികാരിയായി സേവനം അനുഷ്ഠിച്ച ഫാ.ലിജോ ജോസഫിനും, കുടുംബത്തിനും ഏപ്രിൽ 15–ാം തീയതി വെള്ളിയാഴ്ച്ച വി.കുർബ്ബാനയ്ക്ക് ശേഷം നടന്ന സമ്മേളനത്തിൽ വികാര നിർഭരമായ യാത്രയയപ്പ് നൽകി.

വ്യക്തിബന്ധങ്ങൾക്ക് കോട്ടം തട്ടാതെ ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഫുജൈറയിൽ ഓർത്തഡോക്സ് സഭയുടെ യശസ്സ് ഉയർത്തിയ കർമ്മയോഗിയാണ് ഫാ.ലിജോ ജോസഫ് എന്ന് മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി അംഗം ഡോ.കെ.സി.ചെറിയാൻ പറഞ്ഞു. സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ധേഹം. സഭ തന്നിൽ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ എല്ലാം ചിട്ടയോടുകൂടി പൂർത്തീകരിച്ച അച്ചൻെറ സേവനങ്ങൾ മാതൃകാപരമാണെന്ന് അദ്ധേഹം കൂട്ടിച്ചേർത്തു. ഇടവക സെക്രട്ടറി ജെറിൻ ബാബു, ജോജു മാത്യൂ ഫിലിപ്പ്, വിവിധ ആദ്ധ്യാത്മീക സംഘടനകളെ പ്രതിനിധീകരിച്ച് ഏം.വി.വർഗ്ഗീസ്, എബ്രഹാം എബ്രാഹാം, സുനു ഡാനിയേൽ, ഷീബാ വർഗ്ഗീസ്, ജിജോ കളരിക്കൽ, എൽവിൻ സജി, എബ്രഹാം അലക്സ്, ചാൺഡി വർഗ്ഗീസ്, എബ്രഹാം.പി.ജോർജ്ജ്, ഷിനു കുരുവിള തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു..

പ.പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ച ഈ ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുവാൻ സാധിച്ചത് ദൈവത്തിൻെറ വലിയ കൃപയായി കാണുന്നുവെന്ന് ഫാ.ലിജോ ജോസഫ് തൻെറ മറുപടി പ്രസംഗത്തിൽ പറഞ്ഞു.

ബാംഗ്ലൂർ ഭദ്രാസനത്തിലെ സെക്കൻഡറാബാദ് സെൻറ്.ആൻഡ്രൂസ് ഓർത്തഡോക്സ് വലിയ പള്ളിയാണ് പുതിയ കർമ്മ മണ്ഡലം.

പത്തനംതിട്ടയിലെ വെട്ടിപ്പുറം മോടിയിൽ കുടുംബാംഗമാണ്. സഹധർമ്മണി ബിനി ലിജോ, മക്കൾ ജോഹൻ ജോസഫ്, ജൂബൽ ജോസഫ്